**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**
**(കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസ്, തിരുവനന്തപുരം)**

**8821/സി/2017/കെ.എസ്.എച്ച്.ഒ** **24/11/2021**

## <u>വാഹനലേലം /ദർഘാസ് പരസ്യം</u>

കുടുംബശ്രീ സംസ്ഥാന മിഷൻ ചുവടെ പരാമർശിച്ചിട്ടുള്ള വാഹനങ്ങൾ **05/01/2022 തീയതി ഉച്ചയ്ക്ക് 12.00 മണിക്ക്** തിരുവനന്തപുരം കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസിന് മുൻവശത്ത് വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 11.30 മണിക്ക് മുമ്പായി ടി വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം സംസ്ഥാന മിഷൻ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് തിരിച്ചറിയൽ രേഖ (ആധാർ, വോട്ടേഴ്സ് ഐ.ഡി കാർഡ്, ഡ്രൈവിംഗ് ലൈസൻസ് മുതലായവ) കർശനമായും ഹാജരാക്കേണ്ടതാണ്. വാഹനങ്ങൾ ടെണ്ടർ വഴി വാങ്ങുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി സീൽ ചെയ്ത ടെണ്ടറുകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സംസ്ഥാന മിഷൻ എന്ന വിലാസത്തിൽ 04/01/2022 തീയതി വൈകുന്നേരം 3.00 മണിക്കകം ടി ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്ന ടെണ്ടറുകൾ പരിഗണിക്കുന്നതല്ല. ടെണ്ടറുകൾ അയയ്ക്കുന്ന കവറിനു മുകളിൽ വാഹനം ലേലം കൊള്ളുന്നതിനുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തിയിരിക്കണം.

ലേല ദിവസം ഉച്ചയ്ക്ക് കൃത്യം 12.00 മണിക്ക് തന്നെ ലേല നടപടികൾ ആരംഭിക്കുന്നതാണ്. ലേലംവിളി അവസാനിച്ചാലുടൻ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആയത് താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ തുകയുടെ നാലിലൊരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേലസ്ഥലത്തു വച്ച് അടയ്ക്കേണ്ടതും ബാക്കി തുക നികുതി ഉൾപ്പെടെ മൂന്ന് ദിവസത്തിനകം അടച്ച് വാഹനം നീക്കം ചെയ്യേണ്ടതുമാണ്. ടെണ്ടർ നൽകുന്ന വ്യക്തി ലേല ദിവസം ഹാജരാകുന്നില്ലെങ്കിൽ നിരതദ്രവ്യം ഉൾപ്പെടെ ടെണ്ടർ തുകയുടെ നാലിലൊന്ന് ഡിമാന്റ് ഡ്രാഫ്റ്റായി ടെണ്ടറിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ടെണ്ടർ പരിഗണിക്കുന്നതല്ല. ലേലം താൽക്കാലികമായി സ്ഥിരപ്പെട്ടു കഴിഞ്ഞാൽ ബന്ധപ്പെട്ട വ്യക്തി ലേല നിബന്ധനകൾ പാലിക്കാത്തപക്ഷം അയാളുടെ പേരിലുള്ള ലേലം അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം കുടുംബശ്രീ മിഷനിലേക്ക് മുതൽകൂട്ടുന്നതും തൊട്ടടുത്ത ഏറ്റവും കൂടുതൽ തുക വിളിച്ച ആളിന്റെ പേർക്ക് ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്.

| ക്രമ. നം | വാഹനത്തിന്റെ നമ്പറും മോഡലും | നിരതദ്രവ്യം |
|---|---|---|
| 1 | KL 01 AL 1934 (Hindusthan Ambassador Diesel Car, 2005 Model) | 5000/- |
| 2 | KL 01 S 8683 (Hindusthan Ambassador Classic 2000 D, 2000 Model) | 5000/- |

ടി വാഹനങ്ങൾ പരിശോധിക്കുവാൻ താൽപര്യമുള്ളവർക്ക് പ്രവർത്തി ദിവസങ്ങളിൽ വൈകുന്നേരം 3.00 മണി മുതൽ 5.00 മണി വരെ അതിന് അവസരമുണ്ടായിരിക്കുന്നതാണ്. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഉച്ചയ്ക്ക് 12.00 മണിക്ക് തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. കാരണം കൂടാതെ ലേലം/ടെണ്ടർ സ്ഥിരീകരിക്കുന്നതിനും സ്ഥിരീകരിക്കാതിരിക്കുന്നതിനും ഉള്ള അവകാശം എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സംസ്ഥാന മിഷനിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)
**ഡയറക്ടർ (എ&എഫ്)**
**കുടുംബശ്രീ**

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**